(ഡി) ഇതനുസരിച്ച് പമ്പാനദിയിൽ പെരുന്തേനരുവി മുതൽ വരവൂർ വരെയുള്ള ഭാഗങ്ങളെ കേന്ദ്രീകരിച്ച് പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) എത്ര ദിവസങ്ങൾക്കുള്ളിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിനായി ഏതു ഉദ്യോഗസ്ഥനെയാണ് സർക്കാർ ചുമതല പ്പെടുത്തിയിരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷനുള്ള 4 വർക്കുകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നദിയുടെ തീര സംരക്ഷണം പ്രധാനമായും 'വെള്ളപ്പൊക്ക നിയന്ത്രണം' ' വെള്ളപ്പൊക്ക ക്കെടുതികളുടെ അറ്റകുറ്റപ്പണികൾ' എന്നീ നോൺ പ്ലാൻ ശീർഷകത്തിലുള്ള ബഡ്ജറ്റ് തുക ഉപയോഗിച്ചാണ് ചെയ്തുവരുന്നത്. ഈ തുക ഓരോ നദി കൾക്കും പ്രത്യേകമായി വകയിരുത്താറില്ല. ചീഫ് എഞ്ചിനീയറുടെ ലംപ്സം പ്രൊവിഷനായി മൊത്തം തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയാണ്. എന്നാൽ ഈ വർഷം നോൺ പ്ലാൻ ഇനത്തിൽപ്പെട്ട പ്രവൃത്തികൾ ഏറ്റെടു ക്കുന്നതിന് ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതിനാൽ പമ്പാ നദിയുടെ സംരക്ഷണത്തിനായി ഈ ഇനത്തിൽ പ്രവൃത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) കേന്ദ്രസർക്കാർ നദികളുടെ സംരക്ഷണത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതായി അറിയിക്കുകയുണ്ടായി. പത്തനംതിട്ട ജില്ലയിൽ കോഴിപ്പുറം പഞ്ചായത്തിൽ കോഴഞ്ചേരി പാലത്തിനു മുകൾവശത്തായി പമ്പാനദിയുടെ തീരസംരക്ഷണത്തിനായി 142 ലക്ഷം രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പദ്ധതിയുടെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശ ങ്ങൾക്കനുസൃതമായി തയ്യാറാക്കി വരുന്നു.

(ഡി)-(എഫ്) ഈ പ്രദേശത്തെ തീര സംരക്ഷണ പദ്ധതികളൊന്നും മേൽപ്പറഞ്ഞ സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവിടെ ഉണ്ടായിട്ടുള്ള കരയിടിച്ചിൽ തടയുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ഏറ്റെ ടുത്ത് നടത്തുന്നതാണ്.

(1859) കെ.ഐ.പി.കനാൽ

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേച നവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ ചിറ്റുമൂല ശാസ്താംപൊയ്ക റോളിലെ കെ.ഐ.പി. കനാലിന്റെ ഭാഗത്ത് ബ്ലാസ് വാർത്തിടുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) എന്നത്തേക്ക് പണി ആരംഭിക്കുവാൻ കഴിയും;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഒരു പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ അഞ്ചുവർഷത്തിലെറെ യായി അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയ ന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, എന്നാൽ ആദ്യത്തെ കരാറുകാരൻ കൊല്ലം കോടതിയിൽ നൽകിയിട്ടുള്ള കേസ്സിന്റെ വിധി വന്നതിനുശേഷമേ പുതിയ എസ്റ്റിമേറ്റ് അനുസരിച്ച് ടെണ്ടർ വിളിച്ച് പണി തുടങ്ങാൻ കഴിയുകയുള്ളൂ.

(സി) സ്വീകരിക്കുന്നതാണ്.

(1860) ചൂരവടിക്കടവ് പാടശേഖരത്തിൽ ബണ്ട് കം ബ്രിഡ്ജ് പണി

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പനച്ചിക്കാട് പഞ്ചായത്തിൽ ചൂരവടിക്കടവ് പാടശേഖരത്തിൽ ബണ്ട് കം ബ്രിഡ്ജ് പണിയുന്നതിനുള്ള എസ്റ്റിമേറ്റിന് എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) ഇതു ടെണ്ടർ ചെയ്തിരുന്നോ;

(സി) എങ്കിൽ എന്നാണ് ടെണ്ടർ ചെയ്തത്;

(ഡി) ടെണ്ടർ റദ്ദ് ചെയ്യുവാൻ എന്താണ് കാരണം;

(ഇ) ഇതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് എടുത്തിട്ടുണ്ടോ;

(എഫ്) ഈ പണി വീണ്ടും ടെണ്ടർ ചെയ്യുവാനും പണി എത്രയും വേഗം നടത്തിക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(എഫ്) ഈ പ്രവൃത്തി ജലസേചന വകുപ്പു മുഖേന ഏറ്റെടുത്തിട്ടില്ല. എന്നാൽ പനച്ചിക്കാട് ഗ്രാമപഞ്ചായത്തു മുഖേന പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്.

(1861) പുന്നക്കൽ ചുങ്കം കളത്തിൽകടവ് ബണ്ട് നിർമ്മാണം

ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പുന്നയ്ക്കൽ ചുങ്കം കളത്തിൽക്കടവ് ബണ്ട് നിർമ്മാണം ആരംഭിച്ചുവോ;

(ബി) ബണ്ടിന്റെ കരാർ എത്ര രൂപയ്ക്കാണ് ഉറപ്പിച്ചുകൊടുത്തിരിക്കുന്നത്;

(സി) ഈ ബണ്ട് എപ്പോൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly